(എ) ഇടപ്പള്ളി സാനിട്ടറി അസിസ്റ്റണ്ട് ശ്രീ. എൻ. പപ്പുപിള്ളയെപ്പറ്റി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ ആരോപണങ്ങൾ എന്തെല്ലാം;

(സി) ആ പരാതിയിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) എൻ. പപ്പുപിള്ള എന്ന പേരിൽ ഒരു സാനിട്ടറി അസിസ്റ്റണ്ട് ഇടപ്പള്ളിയിൽ ഇല്ല. എന്നാൽ എൻ. പാപ്പുപിള്ള എന്നൊരു സാനിട്ടറി അസിസ്റ്റണ്ടുണ്ട്. ഈ പാപ്പുപിള്ളയെപ്പറ്റി പരാതി കിട്ടിയിട്ടുണ്ട്.

(ബി) സെൻസസ്സു് സംബന്ധിച്ചും മറ്റും.

(സി) കോട്ടയം District Health Officer അന്വേഷണം നടത്തി. യാതൊരു പരമാർത്ഥവും ഇല്ലെന്നു തെളിഞ്ഞു.

T. A. AND D. A. OF MINISTERS

15. [5] Sri. P. K. Krishnankutty Menon: Will the Hon'ble Minister for Finance be pleased to state:—

The amount of Travelling allowance and Daily allowance drawn by each of the Hon'ble Ministers during the year 1950?

Minister for Finance and Revenue **(Sri. A. J. John):**

Sri. T. K. Narayana Pillai	..	Rs. 3,550— 8—0.
Sri. A. J. John	..	Rs. 2,657—12—0.
Sri. P. Govinda Menon	..	Rs. 10,355—15—0.
Sri. N. Kunjuraman	..	Rs. 1,557— 0—0.
Sri. E. John Phillipose	..	Rs. 3,989— 0—0.

Starred Questions posted for Answer on 3—3—1951.

വനവിഭവം

*൨൮൯. (൧) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വനം വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) പത്തനംതിട്ട താലൂക്കിൽ റാന്നി പകുതിയിൽ ചേന്ന വലിയ കാവു റിസർവ്വിൽനിന്നും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വനവിഭവങ്ങൾ എന്തെല്ലാം;

(ബി) ൧൯൫൦-ൽ ഈയിനത്തിൽ ഡിപ്പാർട്ടുമെന്റിലേക്കു് ആകെ എത്ര ഉറപ്പിക്കയുടെ ആദായം ഉണ്ടായിട്ടുണ്ടു്;

(സി) മുന്നവശവും കൃഷിസ്ഥലങ്ങളാൽ ചുറ്റപ്പെട്ട ഈ വനവിഭാഗം പൊതുജനങ്ങൾക്കു് കൃഷിക്കും താമസത്തിനുമായി വിട്ടുവാൻ ആലോചിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ആലോചനയുടെ ഫലം എന്നത്തേക്കു നടപ്പിൽ വരുവാനാണിടയുള്ളതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) പലജാതി തടികളും തേൻ, മെഴുകു, പുളിഞ്ചിക്ക, നല്ല മുളകു മുതലായ വനവിഭവങ്ങളും.

(ബി) ഉദ്ദേശം ഒരുലക്ഷം രൂപ വിലക്കുള്ള തടികളും, ൫, ൦൦൦ രൂപ വിലയ്ക്കുള്ള ചെറുവനം വിളവുകളും ൧൯൫൦-ൽ ശേഖരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly